**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5395** **03-11-2021 - ൽ മറുപടിയ്ക്ക്**

**ഉജ്ജീവന വായ്പാ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. തോമസ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | 2018 ലെ പ്രളയത്തിൽ സർക്കാർ പ്രളയബാധിതമായി പ്രഖ്യാപിച്ച വില്ലേജുകളിലെ കർഷകരും സൂക്ഷ്മ ചെറുകിട ഇടത്തരം വാണിജ്യ വ്യവസായ സ്ഥാപനം നടത്തിപ്പുകാരും, ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നും സഹകരണ ബാങ്കിൽ നിന്നും എടുക്കുന്ന വായ്പകൾക്ക് ഉജ്ജീവനം വായ്പാ പദ്ധതി പ്രകാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും സഹായം നൽകുന്ന പദ്ധതി പ്രഖ്യാപിച്ചിരുന്നോ; വ്യക്തമാക്കുമോ; | (എ) | പ്രഖ്യാപിച്ചിരുന്നു.പ്രളയത്തിൽ മൃഗ സംരക്ഷണ മേഖലയിലും, ജീവനോപാധി നഷ്ടപ്പെട്ടവർക്കും, സൂക്ഷ്മ, ചെറുകിട, ഇടത്തര, വാണിജ്യ, വ്യാപാര സ്ഥാപനങ്ങൾ, കടകൾ, കിസാൻ കാർഡ് ഉടമകൾ, അലങ്കാര പക്ഷി കർഷകർ എന്നീ വിവിധ മേഖലയിലുള്ള ദുരന്ത ബാധിതർക്കും അവരുടെ ഉപജീവന മാർഗ്ഗങ്ങൾ ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി പുനരാരംഭിക്കുന്നതിന് 17/12/2018 – ലെ സ.ഉ.(കൈ)നം.27/2018/DMD ഉത്തരവ് പ്രകാരം ഉജ്ജീവന വായ്പാ പദ്ധതി പ്രഖ്യാപിച്ചിരുന്നു. ഈ പദ്ധതിയുടെ കാലാവധി 12/02/2020 – ലെ സ.ഉ.(കൈ)നം.04/2020/DMD ഉത്തരവ് പ്രകാരം 2020 മാർച്ച് 31 വരെ ദീർഘിപ്പിച്ച് ഉത്തരവായിരുന്നു. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം നാളിതുവരെ എത്ര ആളുകൾക്ക് സഹായം നൽകിയിട്ടുണ്ടെന്ന് കാർഷിക, വ്യവസായ മേഖലകൾ തരംതിരിച്ച് വിശദമാക്കുമോ; | (ബി) | മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാരിലേക്ക് ബാങ്കുകൾ മുഖേന ലഭിച്ച പ്രപ്പോസലുകളിൽ ആവശ്യമായ രേഖകൾ, പൂർണ്ണ വിവരങ്ങൾ ഉൾപ്പെടുത്തിയവയിൽ നടപടി സ്വീകരിച്ച് ബാങ്കുകൾക്ക് തുക ലഭ്യമാക്കിയിരുന്നു. ആവശ്യമായ വിവരങ്ങൾ വ്യക്തമായി രേഖപ്പെടുത്താത്ത കേസുകളിൽ അപാകത പരിഹരിച്ചു ലഭ്യമാക്കാൻ ബാങ്കുകളോട് ആവശ്യപ്പെട്ടിട്ടുണ്ട്. വ്യവസായ വകുപ്പ് പരിശോധിച്ച് നൽകുന്ന ശിപാർശകൾ പ്രകാരമുള്ള തുക അതതു സമയത്ത് അനുവദിച്ചു വരുന്ന രീതിയാണ് സ്വീകരിക്കുന്നത്. ഗുണഭോക്താക്കളുടെ എണ്ണവും അവർ ഏത് മേഖലയിൽപെടുന്നു എന്നതും പ്രത്യേകം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. |
| (സി) | പ്രസ്തുത പദ്ധതി പ്രകാരം നാളിതുവരെ സർക്കാർ ചെലവഴിച്ച തുകയുടെ വിശദാംശം നൽകുമോ? | (സി) | പ്രസ്തുത പദ്ധതിയ്ക്കായി നാളിതുവരെയായി 20,40,69,111 രൂപ സർക്കാർ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ